**15 -ാം കേരള നിയമസഭ**

**11 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1633** **20-06-2024 - ൽ മറുപടിയ്ക്ക്**

**പച്ചക്കറിയുടെ വില വർദ്ധനവ്**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ ,<br>ശ്രീ. സണ്ണി ജോസഫ് ,<br>ശ്രീമതി കെ. കെ. രമ,<br>ശ്രീ. സജീവ് ജോസഫ് | | ശ്രീ. പി. പ്രസാദ്<br>(കൃഷി വകുപ്പ് മന്ത്രി) | |
| (എ) | സംസ്ഥാനത്ത് പച്ചക്കറിയുടെ വില അനിയന്ത്രിതമായി വർദ്ധിക്കുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (എ) | കഴിഞ്ഞ വർഷം ഇതേ സമയത്തെ വിലയുമായി താരതമ്യം ചെയ്യുമ്പോൾ വിപണിയിൽ അമിതമായ വിലവർദ്ധനവ് ഉണ്ടായതായി ശ്രദ്ധയിൽപ്പെട്ടിട്ടില്ല. കേരളത്തിലെ കാലവർഷം മൂലവും ഇതര സംസ്ഥാനങ്ങളിലെ കാലവസ്ഥ അനുസരിച്ചും സീസണിൽ ഉണ്ടാകുന്ന വിലവ്യത്യാസമാണ് വിപണിയിൽ നിലവിലുള്ളത്. |
| (ബി) | എങ്കിൽ വില വർദ്ധനവ് നിയന്ത്രിക്കാൻ എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളത്; വിശദമാക്കാമോ; | (ബി) | വിപണിയിൽ അമിതമായ വിലവർദ്ധനവ് ഉണ്ടാകാതിരിക്കാൻ ഹോർട്ടികോർപ്പിന്റെ 78 സ്വന്തം സ്റ്റാളുകൾ, 192 ലൈസൻസി സ്റ്റാളുകൾ, 24 മൊബൈൽ യൂണിറ്റുകൾ, വി.എഫ്.പി.സി.കെ-യുടെ 3 തളിർ-ഗ്രീൻ ഔട്ട് ലെറ്റുകൾ , 47 സസ്യ ഔട്ട് ലെറ്റുകൾ, 2 തളിർ സൂപ്പർമാർക്കറ്റുകൾ വഴിയും, നിലവിൽ കൃഷി വകുപ്പ് വിവിധ പദ്ധതികൾ പ്രകാരം സ്ഥാപിച്ചിട്ടുള്ള വിവിധ മാർക്കറ്റുകൾ, എക്കോഷോപ്പുകൾ, 'എ' ഗ്രേഡ് ക്ലസ്റ്ററുകൾ, ബ്ലോക്ക് ലെവൽ ഫെഡറേറ്റഡ് ക്ലസ്റ്ററുകൾ, സംസ്ഥാനത്തെ ആറ് കാർഷിക മൊത്ത വ്യാപാര വിപണികൾ വഴിയും, അതാതു പ്രദേശങ്ങളിൽ കർഷകർ ഉത്പാദിപ്പിക്കുന്ന പഴം,പച്ചക്കറികൾ കർഷകരിൽ നിന്ന് നേരിട്ട് സംഭരിക്കുന്നതിനും, മിതമായ നിരക്കിൽ ഉപഭോക്താക്കൾക്ക് വിപണനം നടത്തുന്നതിനുള്ള സംവിധാനം ഒരുക്കിയിട്ടുണ്ട്. |
| (സി) | പച്ചക്കറി ലഭ്യത ഉറപ്പുവരുത്തി വില നിയന്ത്രിക്കാനും പച്ചക്കറി കൃഷി പ്രോത്സാഹിപ്പിക്കാനും സ്വീകരിച്ച നടപടികൾ സംബന്ധിച്ച് വിശദമാക്കാമോ? | (സി) | പച്ചക്കറി ലഭ്യത ഉറപ്പു വരുത്തി വില നിയന്ത്രിക്കുന്നതിനും പച്ചക്കറി കൃഷി പ്രോത്സാഹിപ്പിക്കുന്നതിനും ലക്ഷ്യമിട്ട് കാർഷിക വികസന കർഷകക്ഷേമ വകുപ്പ് "പച്ചക്കറി വികസന പദ്ധതി" ആവിഷ്കരിച്ച് നടപ്പിലാക്കി വരുന്നു. പച്ചക്കറി വികസന പദ്ധതി ഘടകങ്ങളുടെ വിശദാംശങ്ങൾ **അനുബന്ധമായി** ചേർക്കുന്നു. |

സെക്ഷൻ ഓഫീസർ

**അനുബന്ധം**

**പച്ചക്കറി വികസന പദ്ധതി ഘടകങ്ങളുടെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.**

**വീട്ടുവളപ്പിലെ കൃഷി പ്രോത്സാഹനം**

1. സങ്കരയിനം പച്ചക്കറി വിത്ത് വിതരണം (1 ലക്ഷം പച്ചക്കറി വിത്ത് പായ്ക്കറ്റ് വിതരണം നടത്തുന്നു. ഇതിനായി വകയിരുത്തിയ തുക 100 ലക്ഷം രൂപ)
2. സങ്കരയിനം പച്ചക്കറിതൈ വിതരണം (50 ലക്ഷം പച്ചക്കറി തൈകൾ വിതരണം നടത്തുന്നു. ഇതിനായി വകയിരുത്തിയ തുക 150 ലക്ഷം രൂപ)
3. ഉറസ്സായ സ്ഥലത്തെ കൃത്യതാ കൃഷി (ഒരു ഹെക്ടറിന് 1 ലക്ഷം രൂപ ധനസഹായം)വ്യാപിപ്പിക്കൽ (203 ഹെക്ടർ സ്ഥലത്ത് ഉറസ്സായ സ്ഥലത്തെ കൃത്യതാ കൃഷി നടപ്പിലാക്കുന്നതിനായി 203 ലക്ഷം രൂപ വകയിരുത്തിയിരിക്കുന്നു).
4. വിവിധ ഇനം പച്ചക്കറി വിത്ത് വിതരണം (സങ്കരയിനം അല്ലാത്തത്) (25 ലക്ഷം പച്ചക്കറി വിത്ത് പായ്ക്കറ്റ് വിതരണം, വകയിരുത്തിയ തുക 250 ലക്ഷം രൂപ)
5. വിവിധ ഇനം പച്ചക്കറി തൈ വിതരണം (സങ്കരയിനം അല്ലാത്തത്)(40 ലക്ഷം പച്ചക്കറി വിത്ത് പായ്ക്കറ്റ് വിതരണം, വകയിരുത്തിയ തുക 100 ലക്ഷം രൂപ)
6. വിവിധ മാധ്യമങ്ങൾ മുഖേനയുള്ള പച്ചക്കറി വിത്ത് വിതരണം (3 ലക്ഷം പച്ചക്കറി വിത്ത് പായ്ക്കറ്റ് വിതരണം, ഇതിനായി വകയിരുത്തിയരിക്കുന്ന തുക 15 ലക്ഷം രൂപ)
7. ദീർഘകാല പച്ചക്കറി വിളകളുടെ വിതരണം (1 ലക്ഷം ദീർഘകാല പച്ചക്കറി തൈ വിതരണം, ഇതിനായി വകയിരുത്തിയിരിക്കുന്ന തുക 15 ലക്ഷം രൂപ)
8. മൺചട്ടി/ HDPE ചട്ടികളിൽ ആക്കിയ ഒരു യൂണിറ്റിന് 75% സബ്സിഡി നിരക്കിൽ വിതരണം (8000 യൂണിറ്റ് വിതരണത്തിനായി 300 ലക്ഷം രൂപ വകയിരുത്തിയിരിക്കുന്നു).
9. വീട്ടുകളിൽ പോഷകത്തോട്ടം നിർമ്മാണം. (1 ലക്ഷം പോഷകത്തോട്ടം നിർമ്മിക്കുന്നതിനായി 500 ലക്ഷം രൂപ വകയിരുത്തിയിരിക്കുന്നു.)
10. സ്ഥാപനങ്ങളിൽ പച്ചക്കറി കൃഷി പ്രോത്സാഹിപ്പിക്കുന്നതിനായി സർക്കാർ/സർക്കാരിതര/സ്വകാര്യ സ്ഥാപനങ്ങളിൽ പ്രോജക്ട് അടിസ്ഥാനത്തിൽ പച്ചക്കറി കൃഷി നടപ്പിലാക്കുന്നതിനായി 50 ലക്ഷം രൂപ വകയിരുത്തിയിരിക്കുന്നു.
11. വാണിജ്യാടിസ്ഥാനത്തിൽ പച്ചക്കറി കൃഷി ഒരു ക്ലസ്റ്റർ രൂപീകരിച്ച് 3 മുതൽ 5 വരെ ഹെക്ടറിൽ പച്ചക്കറി കൃഷി ചെയ്യുന്ന ക്ലസ്റ്റർ ഒന്നിന് പരമാവധി 1-1.25 ലക്ഷം രൂപവരെ ധനസഹായം. വകയിരുത്തിയിരിക്കുന്ന തുക 1060 ലക്ഷം രൂപ.
12. ക്ലസ്റ്ററുകളിൽ ഉൾപ്പെടാതെ കൃഷി ചെയ്യുന്ന കൃഷിക്കാർക്ക് സ്റ്റാഗേർഡ് ക്ലസ്റ്ററിൽ ഉൾപ്പെടുത്തി ഹെക്ടറൊന്നിന് പന്തൽ ആവശ്യമുള്ളതിന് 25,000/- രൂപയും, പന്തൽ ആവശ്യമില്ലത്തതിന് 20,000/- രൂപ വരെ ധനസഹായം. (വകയിരുത്തിയിരിക്കുന്ന തുക 264.21 ലക്ഷം രൂപ.)
13. ശീതകാല പച്ചക്കറി ഇനങ്ങൾ കൃഷി ചെയ്യുന്നതിനായി ഹെക്ടറൊന്നിന് 30,000/-രൂപ ധനസഹായം വകയിരുത്തിയിരിക്കുന്ന തുക 15 ലക്ഷം രൂപ.
14. വേനൽ കാലത്തും മഴക്കാലത്തും വിളകളെ സംരക്ഷിച്ച് പച്ചക്കറി കൃഷിചെയ്യുന്നതിനായി 30000 സ്ക്വയർ മീറ്റർ മഴമറ കൃഷി നടപ്പിലാക്കുന്നു. ഇതിനായി 150 ലക്ഷം രൂപ വകയിരുത്തിയിരിക്കുന്നു.

സെക്ഷൻ ഓഫീസർ